ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE: 31-05-2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. രാഷ്ട്ര വികസനമെന്നത് വ്യക്തിയുടെയോ രാഷ്ട്രീയ പാർട്ടികളുടേയോ മാത്രം ചുമതല അല്ലെന്നും മറിച്ച് എല്ലാവരുടെയും ഉത്തരവാദിത്ത മാണെന്നും ഉപരാഷ്ട്രപതി സി.പി രാധാകൃഷ്ണൻ.

   **Nation-building is a collective responsibility, not just of individuals or political parties, says Vice President CP Radhakrishnan..**

2. രാജ്യത്തിൻറെ പൈതൃക കേന്ദ്രങ്ങൾ സംരക്ഷിക്കാൻ സർക്കാർ എല്ലാ ശ്രമങ്ങളും നടത്തുന്നുണ്ടെന്ന് മൻ കി ബാത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **Government makes every effort to protect the country's heritage sites, states PM Narendra Modi in 'Mann Ki Baat.**

3. തെരുവോര കച്ചവടക്കാർക്ക് കൈത്താങ്ങായ പി എം സ്വനിധി പദ്ധതി, 2030 ഡിസംബർ വരെ ദീർഘിപ്പിച്ചു.

   **Government extends the PM SVANIDHI scheme for street vendors until December 2030.**

4. ഇന്ത്യ - ഓസ്‌ട്രേലിയ പ്രതിരോധ മന്ത്രിമാരുടെ സംവാദം നാളെ ന്യൂഡൽഹിയിൽ; പ്രതിരോധ സഹകരണവും ഇന്തോ പസഫിക് സുരക്ഷയും പ്രധാന ചർച്ചാ വിഷയം.

**Second India-Australia Defence Ministers' Dialogue takes place in New Delhi tomorrow; defense cooperation and Indo-Pacific security top the agenda.**

5. ഇന്ത്യയുടെ ജലഗവേഷണ രംഗം ശക്തിപ്പെടുത്തുന്നതിനായി കേന്ദ്ര ജലശക്തി മന്ത്രാലയം നാളെ ന്യൂഡൽഹിയിൽ ദേശീയ ജലഗവേഷണ ശില്പശാല സംഘടിപ്പിക്കും.

**The Ministry of Jal Shakti organizes a National Water Research Workshop in New Delhi tomorrow to strengthen the country's water ecosystem.**

6. ഐ പി എൽ ക്രിക്കറ്റ് ഫൈനലിൽ ഗുജറാത്ത് ടൈറ്റൻസ് - റോയൽ ചലഞ്ചേഴ്സ് പോരാട്ടം. സിംഗപ്പൂർ ഓപ്പൺ ബാഡ്മിന്റൺ ടൂർണമെന്റിൽ ഇന്ത്യയുടെ സാത്വിക് സായ്‌രാജ് രങ്കിറെഡ്ഡി-ചിരാഗ് ഷെട്ടി സഖ്യത്തിന് കിരീടം.

**Gujarat Titans clash with Royal Challengers in IPL cricket final; India's Satwiksairaj Rankireddy and Chirag Shetty duo clinches Singapore Open Badminton title.**

❁❁❁❁❁❁❁❁❁❁❁❁❁❁❁

## VP DEEPIKA (INTRO)

രാഷ്ട്ര വികസനമെന്നത് വ്യക്തിയുടെയോ രാഷ്ട്രീയ പാർട്ടികളുടേയോ മാത്രം ചുമതല അല്ലെന്നും മറിച്ച് എല്ലാവരുടെയും ഉത്തരവാദിത്ത മാണെന്നും ഉപരാഷ്ട്രപതി സി.പി രാധാകൃഷ്ണൻ. നേതാക്കളെയും നയങ്ങളെയും സർക്കാരിനെയും എല്ലാം വിമർശിക്കണമെന്ന് മുഖ്യമന്ത്രി പറയുമ്പോൾ ആ വിമർശനങ്ങളിൽ സത്യം ഉണ്ടാവണമെന്നും അതാണ് യഥാർത്ഥ വിമർശനമെന്നും അദ്ദേഹം പറഞ്ഞു. ക്രിയാത്മക പത്ര

പ്രവർത്തനമെന്നാൽ സമൂഹത്തിൽ ശരിയായ ചിന്ത എത്തിച്ച് സമൂഹത്തെ ഉണർത്തുക എന്നുള്ളതാണെന്ന് ഉപരാഷ്ട്രപതി പറഞ്ഞു. ദീപിക ദിനപത്ര ത്തിന്റെ 140-ാം വാർഷികാഘോഷ പരിപാടികൾ കോട്ടയത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

(വി.പി ബൈറ്റ്)

സാമൂഹിക സാഹോദര്യവും വിദ്യാഭ്യാസവും പ്രചരിപ്പിക്കുന്നതിൽ ദീപിക ദിനപത്രം സുപ്രധാന പങ്ക് വഹിച്ചതായി ഉപരാഷ്ട്രപതി പറഞ്ഞു.

## MAN KI BATH 1

രാജ്യത്ത് ചൂടിന്റെ കാഠിന്യം വർധിക്കുന്ന സാഹചര്യത്തിൽ ജനങ്ങൾ അതീവ ജാഗ്രത പാലിക്കണമെന്നും വിവിധ സർക്കാർ വകുപ്പുകൾ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ കൃത്യമായി പാലിക്കണമെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദി അഭ്യർത്ഥിച്ചു. ആകാശവാണിയിലൂടെ രാജ്യത്തെ അഭിസംബോധന ചെയ്ത പ്രതിമാസ റേഡിയോ പരിപാടിയായ 'മൻ കി ബാത്തിലൂടെയാണ് പ്രധാനമന്ത്രി ഇക്കാര്യം ആവശ്യപ്പെട്ടത്.

## MAN KI BATH 2 (INTRO)

നെതർലൻഡ്സ് സന്ദർശന വേളയിൽ ചോള കാലഘട്ടത്തിലെ പുരാതന ചെമ്പ് ഫലകങ്ങൾ പ്രത്യേക ചടങ്ങിലൂടെ ഇന്ത്യയ്ക്ക് തിരികെ ലഭിച്ച കാര്യം പ്രധാനമന്ത്രി മൻ കി ബാത്തിൽ പങ്കുവെച്ചു. വലുതും ചെറുതുമായ 24 ചെമ്പ് ഫലകങ്ങൾ തിരികെ ലഭിച്ചവയിൽ ഉൾപ്പെടുന്നു. ഛത്തീസ്ഗഡിലെ മൽഹാറിൽ ആറാം നൂറ്റാണ്ടിലെ പാണ്ഡുവംശി രാജവംശത്തിലെ മഹർഷി ബാലാർജ്ജുനനുമായി ബന്ധപ്പെട്ട മൂന്ന് അപൂർവ ചെമ്പ് ഫലകങ്ങൾ കണ്ടെത്തിയതായും അദ്ദേഹം അറിയിച്ചു. രാജ്യത്തിൻറെ പൈതൃക കേന്ദ്രങ്ങൾ സംരക്ഷിക്കാൻ സർക്കാർ എല്ലാ ശ്രമങ്ങളും നടത്തുന്നു ണ്ടെന്നും മൻ കി ബാത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി വ്യക്തമാക്കി.

(VOICE : PM)

## MANN KI BAAT 3

റാഞ്ചിയിൽ നടന്ന ദേശീയ സീനിയർ അത്‌ലറ്റിക്സ് ഫെഡറേഷൻ മത്സരത്തിൽ പങ്കെടുത്ത 800-ഓളം കായികതാരങ്ങളെ പ്രധാനമന്ത്രി അഭിനന്ദിച്ചു. സൗജന്യമായി നീന്തൽ പരിശീലനം നൽകി പതിനയ്യായിര ത്തിലധികം ആളുകളെ നീന്തൽ പഠിപ്പിച്ച ആലുവ സ്വദേശി സജി വളശ്ശേരിലിന്റെ സേവനങ്ങളെ പ്രധാനമന്ത്രി എടുത്തുപറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁❁❁

## MANN KI BAAT 4 (INTRO)

തമിഴ്നാട്ടിലെ നാഗർകോവിലിൽ 15-ഓളം സ്കൂളുകൾ നടത്തുന്ന ഗിരിജ അമ്മ എന്ന അധ്യാപികയെയും പ്രധാനമന്ത്രി പ്രശംസിച്ചു. 'മൻ കി ബാത്തി'ൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് രാജ്യത്തെ സൈനികർക്കായി എല്ലാ ദിവസവും ഒരു രൂപ വീതം സംഭാവന ചെയ്യാൻ അവർ കുട്ടികളോട് ആവശ്യപ്പെട്ടിരുന്നു. ഈ ചെറിയ സംഭാവനകളിലൂടെ സമാഹരിച്ച 40 ലക്ഷം രൂപയുടെ ചെക്ക് ഗിരിജ അമ്മ തനിക്ക് കൈമാറിയതായി പ്രധാനമന്ത്രി പറഞ്ഞു.

(VOICE: PM)

❁❁❁❁❁❁❁❁❁❁❁❁❁❁❁

## TRIPURA MANOHAR PM SVANIDHI

തെരുവോര കച്ചവടക്കാരെ പലിശക്കാരുടെ ചൂഷണത്തിൽ നിന്ന് മോചിപ്പിച്ച ജനക്ഷേമ പദ്ധതി പി.എം സ്വാനിധി, 2030 ഡിസംബർ വരെ നീട്ടിയതായി കേന്ദ്ര മന്ത്രി മനോഹർ ലാൽ ഖട്ടർ. പദ്ധതിയുടെ ആറാം വാർഷികത്തോടനുബന്ധിച്ച് ത്രിപുരയിലെ അഗർത്തലയിൽ സംഘടിപ്പിച്ച ചടങ്ങിൽ തെരുവോര കച്ചവടക്കാർക്കുള്ള വായ്പകളും ക്യു.ആർ. കോഡ് ക്രെഡിറ്റ് കാർഡുകളും കേന്ദ്ര മന്ത്രി വിതരണം ചെയ്തു. കച്ചവടക്കാർക്ക് ദിവസേന പലിശരഹിത ഇടപാടുകൾ നടത്താൻ പുതിയ ക്രെഡിറ്റ് കാർഡുകൾ സഹായിക്കും. ചടങ്ങിൽ ത്രിപുര മുഖ്യമന്ത്രി മണിക് സാഹ പങ്കെടുത്തു.

❁❁❁❁❁❁❁❁❁❁❁❁❁❁❁

## SHIVRAJ SINGH- KHET BACHAO ABHIYAN

കൃഷിയിടങ്ങളുടെ സംരക്ഷണം ലക്ഷ്യമിട്ടുള്ള ഖേത് ബച്ചാവോ അഭിയാൻ പ്രചാരണ പരിപാടി കേന്ദ്രമന്ത്രി ശിവരാജ് സിംഗ് ചൗഹാൻ നാളെ മധ്യപ്രദേശിൽ ഉദ്ഘാടനം ചെയ്യും. പ്രചാരണം ഒരു മാസം നീണ്ടുനിൽക്കും. രാസവളങ്ങളുടെ സന്തുലിതവും വിവേകപൂർണ്ണവുമായ ഉപയോഗം, കാലാവസ്ഥാ വെല്ലുവിളികൾ എന്നിവ കണക്കിലെടുത്ത് കർഷകർക്ക് സമയബന്ധിതമായ ബോധവത്കരണം, പഞ്ചായത്ത് തലത്തിൽ സജീവ ഇടപെടൽ, പദ്ധതി പ്രയോജനങ്ങൾ ഗ്രാമങ്ങളിൽ നേരിട്ട് എത്തിക്കൽ എന്നിവ ലക്ഷ്യമിട്ടാണ് പ്രചാരണ പരിപാടി.

## REV. EVE BADMINTON SINGAPORE OPEN

സിംഗപ്പൂർ ഓപ്പൺ ബാഡ്മിന്റൺ ടൂർണമെന്റിൽ ഇന്ത്യയുടെ സാത്വിക് സായ്‌രാജ് രങ്കിറെഡ്ഡി-ചിരാഗ് ഷെട്ടി സഖ്യത്തിന് കിരീടം. ഇന്ന് നടന്ന ആവേശകരമായ പുരുഷ ഡബിൾസ് ഫൈനലിൽ ഇന്തോനേഷ്യൻ സഖ്യത്തെയാണ് ഇന്ത്യൻ സഖ്യം പരാജയപ്പെടുത്തിയത്.

## IPL

ഐ.പി.എൽ ക്രിക്കറ്റിൽ കിരീടപ്പോരാട്ടം. അഹമ്മദാബാദിലെ നരേന്ദ്രമോദി സ്റ്റേഡിയത്തിലാണ് ഫൈനൽ മത്സരം. ഗുജറാത്ത് ടൈറ്റൻസും നിലവിലെ ചാമ്പ്യന്മാരായ റോയൽ ചലഞ്ചേഴ്സ് ബംഗളൂരുവും തമ്മിലാണ് പോരാട്ടം. ടോസ് നേടിയ റോയൽ ചലഞ്ചേഴ്സ് ബൗളിംഗ് തിരഞ്ഞെടുത്തു.

## JAL SHAKTI-(INTRO)

ഇന്ത്യയുടെ ജലഗവേഷണ രംഗം ശക്തിപ്പെടുത്തുന്നതിനായി കേന്ദ്ര ജലശക്തി മന്ത്രാലയം നാളെ ന്യൂഡൽഹിയിൽ ദേശീയ ജലഗവേഷണ ശില്പശാല സംഘടിപ്പിക്കും. കേന്ദ്രമന്ത്രിമാരായ സി.ആർ പാട്ടീലും ജിതേന്ദ്ര സിംഗും ചേർന്ന് ശില്പശാല ഉദ്ഘാടനം ചെയ്യും.

വിശദാംശങ്ങളിലേക്ക്....

(VOICE)

ജലവിഭവ മാനേജ്മെന്റ്, കുടിവെള്ളം എന്നിവയിലെ അത്യാധുനിക ഗവേഷണങ്ങൾക്കായുള്ള 'മഹാ' പദ്ധതിയും, സ്റ്റാർട്ടപ്പുകൾക്കായി 'ഭാരത്-വിൻ'

പോർട്ടലും നാളെ ഡൽഹിയിൽ നടക്കുന്ന ശില്പശാലയിൽ പുറത്തിറക്കും. കൂടാതെ, ജനപങ്കാളിത്തത്തോടെ ജലസംരക്ഷണത്തിനായി 'ജൽ സഞ്ചയ് ജൻ ഭാഗീദാരി: ക്യാച്ച് ദി റെയിൻ' ഡിജിറ്റൽ പ്ലാറ്റ്ഫോമും ഉദ്ഘാടനം ചെയ്യും. ജലവിഭവ നിർണ്ണയത്തിനും നിരീക്ഷണത്തിനുമായി ഉപഗ്രഹ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്താൻ ജലശക്തി മന്ത്രാലയവും ഐ.എസ്.ആർ.ഒ യും തമ്മിൽ ധാരണാപത്രവും ചടങ്ങിൽ ഒപ്പുവെക്കും. ന്യൂസ് ഡെസ്ക്, ആകാശവാണി

## INDIA-AUSTRALIA DEFENCE MINISTERS DIALOGUE

ഇന്ത്യ-ഓസ്ട്രേലിയ പ്രതിരോധ മന്ത്രിമാരുടെ രണ്ടാം സംവാദം നാളെ ന്യൂഡൽഹിയിൽ നടക്കും. രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ്, ഓസ്ട്രേലിയൻ ഉപപ്രധാനമന്ത്രിയും പ്രതിരോധ മന്ത്രിയുമായ റിച്ചാർഡ് മാർലസ് എന്നിവർ സംവാദത്തിന് നേതൃത്വം നൽകും. പ്രതിരോധ-സുരക്ഷാ സഹകരണം, സൈനിക ക്ഷമത, വ്യവസായിക സഹകരണം എന്നിവ സംബന്ധിച്ച് ചർച്ചയാകുമെന്ന് പ്രതിരോധ മന്ത്രാലയം അറിയിച്ചു. ഉഭയകക്ഷി പ്രതിരോധ ബന്ധങ്ങൾ കൂടുതൽ ശക്തിപ്പെടുത്തൽ, തന്ത്രപരമായ സഹകരണം വർദ്ധിപ്പിക്കൽ, ഇന്തോ-പസഫിക് മേഖലയിലെ സുരക്ഷ എന്നിവയും ചർച്ചയായേക്കും.

## SCHOOL OPENING

മധ്യവേനൽ അവധിക്ക് ശേഷം കേരളത്തിലെ സ്കൂളുകൾ നാളെ തുറക്കും. സ്കൂൾ പ്രവേശനോത്സവത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം പട്ടം ഗവൺമെന്റ് മോഡൽ ഗേൾസ് ഹയർസെക്കന്ററി സ്കൂളിൽ മുഖ്യമന്ത്രി വി.ഡി.സതീശൻ നിർവഹിക്കും. സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും ഇതോടൊപ്പം പ്രവേശനോത്സവം സംഘടിപ്പിക്കുന്നുണ്ട്.

## WEATHER

കേരളത്തിൽ മഴ കനക്കുന്നു. കാലവർഷം കേരളത്തിൽ അടുത്ത 3 - 4 ദിവസങ്ങൾക്കുള്ളിൽ എത്തിച്ചേരുന്നതിന് അനുകൂല സാഹചര്യങ്ങൾ നിലനിൽക്കുന്നതായി കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. നാളെ 9 ജില്ലകളിലും, മറ്റന്നാൾ 10 ജില്ലകളിലും മഞ്ഞ ജാഗ്രതയാണ്. കേരളം -

ലക്ഷദ്വീപ് തീരങ്ങളിൽ വ്യാഴാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

❁❁❁❁❁❁❁❁❁❁❁❁❁❁❁

## CBSE- CYBER SECURITY

ഓൺമാർക്ക് പോർട്ടലിലെ സുരക്ഷാ വീഴ്ചകൾ സൂക്ഷ്മമായി നിരീക്ഷിച്ചു വരികയാണെന്ന് സിബിഎസ്ഇ. പോർട്ടലിൻറെ സുരക്ഷ ഉറപ്പാക്കാൻ, വിവിധ സർക്കാർ ഏജൻസികൾ, IIT എന്നിവിടങ്ങളിൽ നിന്നും സൈബർ സുരക്ഷാ വിദഗ്ധരുടെ പ്രത്യേക സംഘത്തെ വിന്യസിച്ചതായും അധികൃതർ വ്യക്തമാക്കി. സുരക്ഷാ വീഴ്ചകൾ വിശദമായി പരിശോധിച്ച് വരികയാണെന്നും തിരിച്ചറിഞ്ഞവ പരിഹരിച്ചതായും സിബിഎസ്ഇ അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁❁❁

## UTTARAKHAND KEDARNATH HALTED

മോശം കാലാവസ്ഥയെ തുടർന്ന് ഉത്തരാഖണ്ഡിലെ കേദാർനാഥ് യാത്ര താത്കാലികമായി നിർത്തിവെച്ചു. തീർത്ഥാടകരുടെ സുരക്ഷ മുൻനിർത്തിയാണ് രുദ്രപ്രയാഗ് ജില്ലാ ഭരണകൂടത്തിന്റെ തീരുമാനം. നിലവിൽ പാതയിലുള്ള തീർത്ഥാടകരെ സുരക്ഷിത കേന്ദ്രങ്ങളിലേക്ക് മാറ്റി.

❁❁❁❁❁❁❁❁❁❁❁❁❁❁❁
❁❁❁❁❁❁❁❁❁
❁❁❁❁❁